## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4172 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **അജൈവ മാലിന്യ സംസ്കരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എം.സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (ബി) | അജൈവ മാലിന്യ സംസ്കരണത്തിനായി മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുന:ചംക്രമണ വ്യവസായത്തിനോ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കോ കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്., ആർ.ആർ.എഫുകൾ സ്ഥാപിച്ച് വരുന്നു. ഇത്തരത്തിൽ മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് എം.സി.എഫുകളിലും, ആർ.ആർ.എഫുകളിലും എത്തിക്കേണ്ട ചുമതല ഹരിത കർമ്മ സേനയ്ക്കാണ്. ഈ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 62 നഗരസഭകളിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 77 നഗരസഭ കളിൽ എം.സി.എഫുകളും, 36 എണ്ണം ആർ.ആർ.എഫുകളും സ്ഥാപിച്ച് കഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും എം.സി.എഫും, നഗരസഭ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആർ.ആർ.എഫും സ്ഥാപിച്ച് അജൈവ മാലിന്യ പരിപാലനം ചിട്ടപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. പുന:ചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനുപയോഗിക്കുന്നതിലേയ്ക്ക് ഇതിനകം 70 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ